# ഡയറ്റ് പാലക്കാട്

ഇന്റ്ബെൽ

## എസ് എസ് എൽ സി വാർഷികമൂല്യനിർണ്ണയം 2021-22 ( സെറ്റ് 1 )

**മലയാളം -** അടിസ്ഥാനപാഠാവലി

**സമയം: 90 മിനിറ്റ്** **സ്കോർ: 40**

---

നിർദ്ദേശങ്ങൾ

20 മിനിറ്റ് സമാശ്വാസസമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തെരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.

ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ച് മനസ്സിലാക്കി ഉത്തരമെഴുതുക

ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം

1 മുതൽ 24 വരെയുള്ള ചോദ്യങ്ങൾക്ക് ലഭിക്കുക പരമാവധി 40 സ്കോർ ആയിരിക്കും

### ഭാഗം 1 എ

ഒന്നു മുതൽ ആറുവരെ ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക.

ഒരു സ്കോർ വീതം **4 x 1 = 4**

1. അതു കണ്ണു തണുപ്പിക്കുന്ന ഒരു കാഴ്ചതന്നെയായിരുന്നു. ഏത്?
   - a) കോരൻ അരിയന്വേഷിച്ചു നടന്നത്
   - b) ഒരു രൂപ കൂലി കിട്ടിയത്
   - c) കുടിലിൽ ചിരുതയും അച്ഛനും സംസാരിച്ചിരുന്നത്
   - d) അച്ഛൻ എത്രയോ പറ നെല്ല് കൊയ്തുമെതിച്ചത്.

2. കുട്ടിയേകാന്തത കണ്ണുപൊത്തിക്കളിക്കുന്നതെവിടെയാണ്?
   - a) ആശുപത്രിയിൽ
   - b) മാളിന്റെ മുമ്പിൽ
   - c) കോവിലിനു മുമ്പിൽ
   - d) വിദ്യാലയമുറ്റത്ത്

3. ഇങ്ങനെ <u>ഭുവനവിദിതമായ</u> മാവിന്റെ വംശത്തിലാണ് ഞങ്ങളുടെ കൊച്ചുചക്കരച്ചി വന്നു പിറന്നത്.

   അടിവരയിട്ട പദത്തിന്റെ ആശയം താഴെക്കൊടുത്തതിൽ ഏത്?
   - a) വളരെക്കാലമായ
   - b) ലോകപ്രശസ്തമായ
   - c) സുഗന്ധം പരത്തുന്ന

d) അസൂയപ്പെടുത്തുന്ന

4. 'ഞാനില്ലായിരുന്നെങ്കിൽ പിച്ചപ്പാളയും കൊണ്ടിറങ്ങേണ്ടി വന്നേനെ '

- ഇങ്ങനെ പറഞ്ഞതതാര്?

a) മത്തായി

b) മർക്കോസ്

c) ഏലി

d) അന്നമ്മ

5. ഓരോ വിളിയും കാത്ത് എന്ന കഥയിൽ അച്ഛൻ്റെ മരണം അമ്മയിൽ ഉണ്ടാക്കിയ മാറ്റത്തിൽ പെടാത്തത് ഏത്?

a) പെട്ടെന്ന് വാർധക്യം ബാധിച്ചു

b) ഗൗരവക്കാരിയായി

c) കൂടുതൽ വാചാലയായി

d) മൗനങ്ങളിലേക്ക് വീണു.

6. തിരികൾ തെറുത്ത് കൊളുത്താൻ മുഹൂർത്തവും കാത്തിരിക്കുന്നത്?

a) നെയ്യാമ്പൽ

b) മുക്കുറ്റി

c) തുമ്പ

d) ഉഷസ്സ്

## ഭാഗം 1 ബി

**7, 8, 9** ചോദ്യങ്ങൾക്കെല്ലാം ഉത്തരം തെരഞ്ഞെടുത്തെഴുതുക.**(**ഒരു സ്കോർ വീതം**. 3x 1 = 3)**

7. ബയനറ്റിനേക്കാൾ ഞാൻ പേടിക്കുന്നത് പത്രത്തെയാണ് ഇപ്രകാരം അഭിപ്രായപ്പെട്ടതാര്?

a) സാമുവൽ ബട്ലർ

b) നെപ്പോളിയൻ

c) ഇബ്സൺ

d) ഓസ്കാർ വൈൽഡ്

8. താഴെപ്പറയുന്നവയിൽ

8. അപരിത്യാജ്യം എന്ന പദത്തിൻ്റെ ആശയം വരുന്നതേതിന്?

a) ഉത്കൃഷ്ടമായത്

b) ഇഹലോക സംബന്ധമായത്

c) ആത്മീയമായത്

d) ഉപേക്ഷിക്കാനാവാത്തത്

9. നന്മകൾ കേട്ടതു കണ്ടതു ചൊല്ലാൻ

നാവിനു കഴിയട്ടെ

.... ആരുടെ വരികൾ?

a) കടമ്മനിട്ട

b) വൈലോപ്പിള്ളി

c) വി.മധുസൂദനൻ നായർ

d) കുഞ്ഞുണ്ണി മാഷ്

## ഭാഗം 2 A

രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. **(സ്കോർ 21X 2 = 2)**

10. ഏലി അതിനെ എടുക്കാതെയങ്ങു നടന്നു. <u>ആ സ്വാദുള്ള ശവം</u> അവരുടെ പറമ്പിനരികിൽ കിടന്നു.

(കോഴിയും കിഴവിയും)

അടിവരയിട്ട വാക്യം തരുന്ന രണ്ടു സൂചനകൾ എഴുതുക?

## ഭാഗം 2 ബി

**11, 12** ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരമെഴുതുക.

**(2 സ്കോർ 1 X 2 = 4)**

11. ഭദ്രമായ്ത്തന്നെയിരിക്കട്ടെ

കുട്ടികൾ തൊട്ടു വായിച്ചാലശുദ്ധമെന്നോതി നീ

(അമ്മയുടെ എഴുത്തുകൾ)

ഈ വരികൾ തരുന്ന രണ്ട് പ്രധാനാശയങ്ങൾ എഴുതുക?

12. പത്രങ്ങൾ നമ്മുടെ ജനാധിപത്യത്തിൻ്റെ പ്രധാന ശക്തിയാണ്. പത്രങ്ങൾ പുലർത്തേണ്ട നീതിബോധത്തെക്കുറിച്ച് സുകുമാർ അഴീക്കോടിൻ്റെ ഏതെങ്കിലും രണ്ട് നിരീക്ഷണങ്ങൾ എഴുതുക?

## ഭാഗം 3 എ

**13** മുതൽ **16** വരെ ചോദ്യങ്ങളിൽ ഏതെങ്കിലും **3** എണ്ണത്തിന് നാലോ അഞ്ചോ വാക്യങ്ങളിൽ ഉത്തരമെഴുതുക. **(മൂന്നു സ്കോർ വീതം 3 X 3 = 9)**

13. അമ്മത്തൊട്ടിൽ എന്ന കവിതയിൽ അമ്മ തീരെ അവശയാണ് എന്ന് സൂചിപ്പിക്കുന്ന വരികളിലെ ആശയങ്ങൾ ഉൾപ്പെടുത്തി കുറിപ്പെഴുതുക?

14. 'മനസ്സിൻ്റെ ക്ലാവു പിടിച്ച കണ്ണാടിയിലൂടെ അച്ഛൻ കണ്ടതെല്ലാം ശരിയായിരുന്നു.'

(ഓരോ വിളിയും കാത്ത്)

ഈ വരികളിലെ പ്രയോഗ ഭംഗി കണ്ടെത്തി കുറിപ്പെഴുതുക?

15. രാത്രിയിൽ നടക്കുന്ന വ്യാപാരത്തെ പരസ്യപ്പെടുത്തിയാലെന്ത്?
കോരനിങ്ങനെ ചിന്തിക്കാനിടയായ കാര്യത്തെക്കുറിച്ച് കുറിപ്പെഴുതുക?

16. കഷ്ടപ്പാടുകൾക്കിടയിലും കോരനേയും അച്ഛനേയും പരിപാലിക്കുന്നതിൽ വളരെയധികം ശ്രദ്ധിക്കുന്നുണ്ട് ചിരുത. ഇക്കാര്യം സമർത്ഥിക്കുന്ന രണ്ടു സന്ദർഭങ്ങൾ ചുരുക്കി എഴുതുക.

## ഭാഗം 3 ബി

നാലോ അഞ്ചോ വാക്യത്തിൽ ഉത്തരമെഴുതുക. **(3 സ്കോർ 3 x 1 = 3)**

17. ഓരോന്നിനോരോമൊഴിച്ചന്ത ,മമ്മയാം
നേരിൻ്റെയീണവും താളവുമിമ്പവും

(അമ്മയുടെ എഴുത്തുകൾ)

അമ്മയുടെ എഴുത്തുകളിലെ കൗതുകമുണർത്തുന്ന വിഷയങ്ങളേതെല്ലാം?
കവിതാഭാഗത്തെ ആസ്പദമാക്കി കുറിപ്പ് തയ്യാറാക്കുക.

## ഭാഗം 4 എ

**18** മുതൽ **20** വരെ ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക

18. അങ്ങനെ എന്തെല്ലാം മന്ത്രതന്ത്രങ്ങൾ -ഉപാസനകൾ മാവിൻ ചോട്ടിൽ നടന്നിരുന്നു.

(കൊച്ചുചക്കരച്ചി)

മാവിൻ ചോട്ടിലെ പണ്ടത്തെ രസകരമായ കളികളെക്കുറിച്ചും , ഇന്നത്തെ കുട്ടികളുടെ അനുഭവങ്ങളെക്കുറിച്ചും താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

19. "ഇവിടെ അമ്മയെ തനിച്ചു നിർത്തിയിട്ട് ഞാനെങ്ങന്യാ പോവ്വാ "

(ഓരോ വിളിയും കാത്ത്)

എങ്ങിനി കൊണ്ടിറക്കേണ്ടു സ്വയം ബുദ്ധി -
കെട്ടു കരിന്തിരിയാളും വരെയവർ

(അമ്മത്തൊട്ടിൽ)

മുകളിൽ കൊടുത്ത വരികളും പാഠഭാഗത്തെ ആശയങ്ങളും പരിഗണിച്ച് രണ്ടിലും തെളിയുന്ന മനോഭാവങ്ങൾ വിലയിരുത്തി കുറിപ്പെഴുതുക.

20. നീളും മലയുടെ ചങ്ങലവട്ടയിൽ
നാളം പാടല വിരലാൽ നീട്ടിയു-
മോമൽക്കവിളു തുടുത്തും തെല്ലൊരു
നാണത്തോടു പതുങ്ങിയൊതുങ്ങിട്ടു -
മോണക്കോടിയുടുത്തൊരുഷസ്സേ

(ഓണമുറ്റത്ത്)

ഈ വരികളിൽ തെളിയുന്ന ചമൽക്കാരഭംഗി വിശദമാക്കി കുറിപ്പെഴുതുക.

## ഭാഗം 4 ബി

**21, 22** ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

**(4 സ്കോർ 4 x 1 = 4)**

21. ആറാട്ടുകുന്നിൽ റേഡിയോ വാങ്ങിച്ച ആദ്യത്തെ പൗരൻ ചാക്കുണ്ണിയായിരുന്നു.

(പണയം)

റേഡിയോ വാങ്ങിയതിനു ശേഷം തയ്യൽക്കടയിലും ചാക്കുണ്ണിയുടെ വീട്ടിലേക്കുള്ള യാത്രയിലുമുണ്ടായ വിശേഷങ്ങൾ ഉൾപ്പെടുത്തി കുറിപ്പെഴുതുക.

22. മതമേതായാലും മനുഷ്യൻ നന്നായാൽ മതി.

ചക്രവാളം പോലെ, അടുക്കുന്തോറും അർത്ഥവിസ്തൃതിയുള്ളതാണ് ശ്രീ നാരായണസന്ദേശങ്ങൾഎന്ന് കുറ്റിപ്പുഴ കൃഷ്ണപ്പിള്ള അഭിപ്രായപ്പെടുന്നു.

ഗുരുവിന്റെ ഉപദേശങ്ങളും സമകാലികലോകത്തിൽ അതിന്റെ പ്രാധാന്യവും വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

## ഭാഗം 5 എ

**23, 24 ചോദ്യങ്ങൾക്ക് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (5 സ്കോർ 5 x 1 = 5)**

23. 'അങ്ങനെ മുകളിൽ നിന്ന് കീഴോട്ടുർന്നിറങ്ങുന്ന മർക്കോസും താഴെ നിന്ന് മേലോട്ടു വളരുന്ന മത്തായിയും അയൽക്കാരായി പാർത്തു.'

'ആ പൂവൻകോഴി ഒരു വിപ്ലവം അഴിച്ചുവിട്ടു.'

(കോഴിയും കിഴവിയും)

അത്യാഗ്രഹങ്ങൾ എപ്രകാരമാണ് ആപത്തു വരുത്തുന്നതെന്ന കഥാ വിവരണവും നമ്മുടെ ശരിയായ അയൽപക്ക ബന്ധങ്ങൾ എങ്ങനെയായിരിക്കണമെന്ന കാര്യവും വിശകലനം ചെയ്ത് 'നാട്ടുവഴികളുടെ നന്മക്ക് നല്ല അയൽപക്കങ്ങൾ' എന്ന വിഷയത്തെപ്പറ്റി ഉപന്യാസം തയ്യാറാക്കുക.

24. 'സമത്വസുന്ദരമായ നാടിനെ സ്വപ്നം കാണുന്ന ഒരുത്സവമാണ് ഓണം' വൈലോപ്പിള്ളിയുടെ ഓണമുറ്റത്ത് എന്ന കവിതയ്ക്ക് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.